**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 658**

**08.08.2017 - ൽ മറുപടിക്ക്**

# ഓണക്കാലത്ത് വില വർദ്ധന തടയുവാൻ കൺസ്യൂമർ ഫെഡിന്റെ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, കെ.മുരളീധരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുവാൻ എന്തെല്ലാം നടപടികളാണ് കൺസ്യൂമർ ഫെഡ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഓളം ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനുള്ള ബൃഹത്പദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്. ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br>സബ്സിഡി ഇനങ്ങൾ കൂടാതെ ഓണക്കാലത്ത് ജനങ്ങൾക്ക് ഏറെ ആവശ്യമുള്ള 10 ഇനങ്ങൾ കൂടി ഓണചന്തകളിൽ സുലഭമായി ക്രമീകരിച്ചിട്ടുണ്ട്. ഈ ഇനങ്ങൾ മാർക്കറ്റ് വിലയെക്കാൾ 30 മുതൽ 40 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കും. ഇതിനായി 60 കോടി രൂപ സബ്സിഡി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഓണവിപണി നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) ജില്ലാതലത്തിൽ സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർമാരുടെ യോഗം വിളിച്ച് ചേർത്ത് ഓണവിപണിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.<br>2) സഹകരണ സംഘങ്ങളോട് ഓണവിപണിയിലേക്കാവശ്യമായ |

| | | | |
|---|---|---|---|
| | | | ഇൻഡൻറ് നൽകുന്നതിന് അറിയിച്ചു.<br>3) ഓണവിപണിക്ക് ആവശ്യമായ സാധനങ്ങൾ ജൂലൈ ആദ്യവാരത്തിൽ ഇ-ടെൻഡർ, എൻ.സി.ഡി.ഇ.എക്സ്. ഇ- ഓക്ഷൻ നടത്തി.<br>4) ലഭിച്ച വില നെഗോസിയേഷൻ നടത്തി പർച്ചേഴ്സ് ഓർഡർ നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചു.<br>5) പർച്ചേഴ്സ് ഓർഡർ നൽകിയിട്ടുള്ള സാധനങ്ങൾ ആഗസ്റ്റ് 1 മുതൽ ഫെഡറേഷന്റെ ഗോഡൗണുകളിൽ ഇറക്കിവരുന്നു. ആയത് ആഗസ്റ്റ് 15 മുതൽ സംഘങ്ങൾക്ക് ഓണവിപണി നടത്തുന്നതിലേയ്ക്കായി വിതരണം ചെയ്യുന്നതാണ്. |
| **(ബി)** | വിപണിയിൽ ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് കൺസ്യൂമർ ഫെഡ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ 941 പഞ്ചായത്തുകളിൽ 2575 ഓണചന്തകളും മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമായി 691 ഓണചന്തകളും 196 ത്രിവേണി, 15 മൊബൈൽ ത്രിവേണി എന്നിവ വഴി 3477 ചന്തകൾ സജ്ജമാക്കും ഇതിൽ 213 വനിതാ സഹകരണ സംഘങ്ങളും, 60 എസ്.സി/ എസ്.റ്റി സംഘങ്ങളും 143 എംപ്ലോയീസ് സഹകരണസംഘങ്ങൾ 91 കാർഷിക സഹകരണ സംഘങ്ങൾ എന്നിവയും ഉൾപ്പെടുന്നു. |
| **(സി)** | ഓണക്കാലത്ത് എത്ര പുതിയ സംരംഭങ്ങളാണ് കൺസ്യൂമർ ഫെഡ് ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിവരിക്കുമോ? | (സി) | ഓണക്കാലത്ത് മൂന്ന് പുതിയ സംരംഭങ്ങളാണ് കൺസ്യൂമർഫെഡ് ആരംഭിക്കാനുദ്ദേശിക്കുന്നത്<br>**<u>(1) ഓണവിപണി</u>**<br>ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഓളം ഔട്ട്ലെറ്റുകൾ സംഘടിപ്പിക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്. ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിലക്കുറവിനോടൊപ്പം തന്നെ ഗുണ മേന്മഉറപ്പ് വരുത്തുക എന്നത് കൂടിയാണ് ഇത്തവണത്തെ വിപണി ഇടപെടലിന്റെ സവിശേഷത. |

| | | | |
|---|---|---|---|
| | | | കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാസാധനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കൃത്യമായ പരിശോധന നടത്തുന്നതിനും ഈ മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്<br><br>**(2) ഓണം ബാസ്കറ്റ്**<br>ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കും. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിന് ഉപയോഗിക്കുന്ന സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തും<br><br>(3) **ത്രിവേണി ഓൺലൈൻ ഓർഡറിങ്ങ് സിസ്റ്റം** ഷോപ്പുകളിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ ഓർഡറിങ്ങ് സിസ്റ്റം നടപ്പിലാകുന്നതും ഇപ്രകാരം ലഭ്യമാകുന്ന ഓർഡറുകൾ ഡോർ ഡെലിവറി നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**